THURSDAY വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/06/2023.

1. സംസ്ഥാനത്തെ കർഷകർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് സംവിധാനം ഏർപ്പെടുത്തുമെന്ന് കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ്. തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഓൺലൈൻ വിപണിയിലൂടെ വിൽക്കുന്നതിനായി കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ഓൺലൈൻ ഇക്കോഷോപ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്ത് ''ഞങ്ങളും കൃഷിയിലേക്ക്'' പദ്ധതിയുടെ ഭാഗമായി 10,000 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചത്. നിലവിൽ 23,000 കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങൾ ആകർഷകമായ രീതിയിൽ പാക്ക് ചെയ്യുന്നതിന് കല്ലിയൂരിലെ കർഷകർക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗിന്റെ വിദഗ്ധ പരിശീലനം നല്കുമെന്നും മന്ത്രി പറഞ്ഞു.

2. കേരള കാർഷിക സർവകലാശാലയുടെ മൊബൈൽ എക്സിബിഷൻ യൂണിറ്റ് ''വിത്ത് വണ്ടി'' കർഷകർക്ക് ആവശ്യമായ വിവിധതരം ജൈവവളങ്ങളും ജൈവ കീടനാശിനികളും വിത്തുകളും വിവിധ ഉൽപ്പന്നങ്ങളുമായി തൃശ്ശൂർ ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ സ്റ്റാച്യുവിന് സമീപം എല്ലാ വെള്ളിയാഴ്ചകളിലും പത്തുമണി മുതൽ നാലു മണി വരെ ഉണ്ടായിരിക്കുന്നതാണ്.

3. വയനാട് അമ്പലവയലിൽ സ്ഥിതി ചെയ്യുന്ന വയനാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത 13 മുതൽ 14 ആഴ്ച പ്രായമുള്ള BV380 മുട്ടകോഴികൾ 300/- രൂപ നിരക്കിൽ പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ് . പ്രതിവർഷം 300 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ കോഴികൾ. കൂടുതൽ വിവരങ്ങൾക്ക് 04936 260411, 9496930411 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. ഗോ ജീവ സുരക്ഷാ - സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം പനമരം ബ്ലോക്ക് പഞ്ചായത്തിൽ ഈ മാസം 19 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വെകിട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ, നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന നമ്പരുമായി ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ "ജൈവ ഉൽപാദനോപാധികൾ" എന്ന വിഷയത്തിൽ ഈ മാസം 24ന് കമ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയിൽ വച്ച് പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 336 രൂപ. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ ഈ മാസം 23ന് മുമ്പായി ഓഫീസ് സമയത്ത് ബന്ധപ്പെടുക.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തീറ്റപ്പുൽ കൃഷി എന്ന വിഷയത്തിൽ ഈ മാസം 23 ന് രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ **9188522713, 0491-2815454** എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

7. ക്ഷീര വികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ് ഡവലപ്മെന്റ് സെന്ററിൽ "**ശുദ്ധമായ പാലുൽപ്പാദനം**" എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 23, 24 തീയതികളിൽ 2 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 04734299869, 9447479807, 9495390436 എന്നീ നമ്പരുകളിൽ വിളിക്കുകയോ വാട്ട്സാപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കാവുന്നതാണ്. ആദ്യം രജിസ്റ്റർചെയ്യുന്ന 30 പേർക്ക് ട്രെയിനിംഗിൽ പങ്കെടുക്കാവുന്നതാണ്.

**കാർഷിക നിർദ്ദേശം**

8. നെൽപ്പാടങ്ങളിലെ ഞാറ്റടിയിൽ ചിലന്തി മണ്ഡരി വ്യാപനം കണ്ടെത്തി. ഇലയുടെ അടിഭാഗത്തിരുന്ന് കൂട്ടത്തോടെ നീരൂറ്റി കുടിക്കുകയാണ് ഇവയുടെ ആക്രമണരീതി. മണ്ഡരികൾ കൂട്ടത്തോടെ ഇലകളിൽ പെരുകുമ്പോൾ ഇലയിലെ ഹരിതകം നഷ്ടപ്പെടുകയും ഇലകൾ നരച്ചു മഞ്ഞളിക്കുകയും തുടർന്നു കരിഞ്ഞുണങ്ങുകയും ചെയ്യുന്നു. നെല്ലിലെ നൈട്രജൻ അഭാവം, മറ്റു രോഗലക്ഷണങ്ങൾ എന്നിവയുമായി മണ്ഡരി ബാധയുടെ ലക്ഷണങ്ങൾക്ക് സാമ്യമുണ്ട്. മണ്ഡരി ബാധയുടെ ആരംഭഘട്ടത്തിൽ ഇവയെ നിയന്ത്രിക്കാൻ ജൈവ കീടനാശിനികളായ രണ്ട് ശതമാനം വീര്യമുള്ള വേപ്പെണ്ണ മിശ്രിതം അല്ലെങ്കിൽ അസാഡിറാക്റ്റിൻ അടങ്ങിയ കീടനാശിനി അഞ്ചു മില്ലി ഒരു

ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ വെറ്റബിൾ സൾഫർ എന്ന മണ്ഡരി നാശിനി ഏക്കറിന് 400 ഗ്രാം 100 ലിറ്റർ എന്ന അനുപാതത്തിലോ കലക്കി തളിക്കാവുന്നതാണ്. കീടനാശിനി തളിച്ച് രണ്ട് ദിവസത്തിന് ശേഷം യൂറിയയോ അല്ലെങ്കിൽ 19:19:19 അനുപാതിലുള്ള വളമോ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളിൽ തളിക്കാവുന്നതാണ് അല്ലെങ്കിൽ 10 സെന്റ് ഞാറ്റടിയിലേക്കു ഒരു കിലോ യൂറിയ എന്ന തോതിൽ വിതറുകയോ ചെയ്യാവുന്നതാണ്. കൂടുതൽ മാർഗനിർദേശങ്ങൾക്കായി 0487- 2438396 എന്ന നമ്പറിലോ 9447783401 എന്ന നമ്പറിലോ കൃഷിഭവൻ മുഖേനയോ നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം